**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2139 | 26.03.2013-ലെ മറുപടിയ്ക്ക്

# തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി.മമ്മൂട്ടി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) | തിരൂർ നിയോജക മണ്ഡലത്തിൽ 2013-14 വർഷം സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | പ്രത്യേക പദ്ധതികൾ ഒന്നും ഇപ്പോൾ ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ തിരൂർ നിയോജകമണ്ഡലത്തിലെ നഗരസഭാ പ്രദേശത്തും പഞ്ചായത്തുകളിലും ത്രിവേണി, നന്മ സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | തിരൂർ നിയോജക മണ്ഡലത്തിൽ തിരൂരിൽ ത്രിവേണി സ്റ്റോറും, എൻ.ഒ.സി.പടിയിൽ നന്മ സ്റ്റോറും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. തിരൂർ നിയോജക മണ്ഡലത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളോ, സന്നദ്ധ സംഘടനകളോ കുറഞ്ഞത് 200/600 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടകയില്ലാതെ |

അനുവദിക്കാൻ തയ്യാറാകുന്ന പക്ഷം വിൽപന സാധ്യത കൂടി പരിഗണിച്ച് പ്രത്യേക പരിഗണന നൽകി ആ പ്രദേശങ്ങളിൽ മിനി ത്രിവേണി സ്റ്റോർ, നന്മ സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ സന്നദ്ധമാണ്.

| | | | |
|---|---|---|---|
| (സി) | 2011 മുതൽ 2013 വരെ തിരൂർ മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ? | (സി) | സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർ ഫെഡറേഷൻ 2011 മുതൽ 2013 വരെ തിരൂർ മണ്ഡലത്തിൽ മൊബൈൽ ത്രിവേണിയും, എൻ.ഒ.സി.പടിയിൽ നന്മ സ്റ്റോറും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഊർജ്ജസ്വലമാക്കുന്നതിന് മലപ്പുറം ജില്ലയിലെ തിരൂർ മണ്ഡലം ഉൾപ്പെടെ സംസ്ഥാനതലത്തിൽ "എന്റെ സംഘം" എന്ന കാമ്പയിനും, കടിശ്ശിക നിവാരണത്തിന് 'ആശ്വാസ്' പദ്ധതികളും, നിക്ഷേപസമാഹരണ പദ്ധതികളും 'ഉണർവ്' പദ്ധതികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ